മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † (ജി. ഒ. എം. എസ്. 136/76/ഹോം ഡേറ്റഡ് 14-10-1976) †

(സി) 178 പേർക്ക്.

(ഡി) ഇല്ല. ശിക്ഷയിളവ് ദീർഘകാല ശിക്ഷക്കാർക്കും അനുവദിക്കുകയും അവർ അനുഭവിച്ചശിക്ഷകാലമായി പ്രസ്തുത കാലയളവ് കണക്കാക്കുകയും ചെയ്യും.

(ഇ) ഉദ്ദേശിക്കുന്നില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടം

* 40. [67] ശ്രീ. ടി. കെ. കൃഷ്ണൻ,

,, പി. എൻ. പദ്മസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ നഷ്ടത്തിൽ നടക്കുന്നുവെന്നതു കൊണ്ട് പ്ലാനിംഗ് കമ്മീഷൻ അതിനുസഹായം നൽകാൻ വിസമ്മതിക്കുന്നതായി അറിയുന്നത് ശരിയാണോ ;

(ബി) യാത്രക്കൂലി കൂട്ടിയതിനെത്തുടർന്ന് കെ. എസ്. ആർ. ടി. സി. ലാഭകരമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളതിനാൽ പ്ലാനിംഗ് കമ്മീഷൻ അതിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) നഷ്ടമില്ലാതാക്കാൻ കോർപ്പറേഷൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നഷ്ടത്തിൽ ഓടിക്കൊണ്ടിരിക്കുന്ന സർവ്വീസുകളും നിറുത്തലാക്കാനും ഉള്ള സർവ്വീസുകളും കാര്യക്ഷമമാക്കാനും ലാഭകരമായി നടത്തുന്നതിനുമുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടുണ്ട്.

സിമന്റു ഫാക്ടറി

* 41. [68] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ,

ശ്രീ. എം. കൃഷ്ണൻ,

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള,

ശ്രീ. എം. ഐ. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിമന്റ് ഫാക്ടറികൾ സ്ഥാപിക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാളയാറിലെ ചുണ്ണാമ്പ് കല്ലുപയോഗിച്ച് ഒരു സിമന്റ് ഫാക്ടറി സ്ഥാപിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് സഹകാര്യമേഖലയിലാണോ പൊതുമേഖലയിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഈ ഫാക്ടറിയുടെ ഉൽപ്പാദനശേഷി എന്താണ് ; എവിടെയാണ സ്ഥാപിക്കുക; എന്നത്തേക്ക് ഉൽപാദനം തുടങ്ങും?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ, ബി) പാലക്കാട് ഡിസ്ട്രിക്ടിൽ വാളയാർ പ്രദേശത്തെ ചുണ്ണാമ്പ കല്ലുനിക്ഷേപം ഉപയോഗിച്ച് ഒരു സിമന്റ് ഫാക്ടറി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്. ഇതിനുവേണ്ടി കെ. എസ്. ഐ. ഡി. സി. ലെറ്റർ ഓഫ് ഇൻറൻറിനു അപേക്ഷിക്കുകയും ഈയ്യിടെ അതു ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പൊതുമേഖലയിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

(ഡി) ഫീസിബിലിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഫാക്ടറിയുടെ ഉൽപ്പാദനശേഷി പ്രതിദിനം 1200 ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്. എങ്കിലും ഉൽപ്പാദനശേഷി പ്രതിദിനം 2000-3000 ടണ്ണാക്കി ഉയർത്താൻ കഴിയുമോയെന്ന് ഗവൺമെൻറ് പരിശോധിച്ചുവരികയാണ്. പാലക്കാട് ജില്ലയിലെ അനുയോജ്യമായ ഏതെങ്കിലും സ്ഥലത്തായിരിക്കും ഫാക്ടറി സ്ഥാപിക്കുന്നത്. ഫാക്ടറി 1980-ൽ ഉൽപ്പാദനം തുടങ്ങുമെന്നു പ്രതീക്ഷിക്കുന്നു.

തടവുകാർക്ക് അലുമിനീയംപാത്രത്തിൽ ഭക്ഷണം കൊടുക്കുന്നതിനെതിരെ നടപടി

*42. [69] ശ്രീ. വി. എസ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിസാപ്രകാരം തടങ്കലിൽ വച്ചിട്ടുള്ള സ്പെഷ്യൽ ക്ലാസ് തടവുകാർക്ക് ഭക്ഷണം നൽകുന്ന അലുമിനിയം പാത്രങ്ങളിൽ ചൂട് ഭക്ഷണപദാർത്ഥങ്ങൾ പതിവായി കഴിച്ചാൽ ലഡ്പോയിസൺപോലുള്ള ഒരുതരം വിഷാംശം ബാധിച്ച് വയറ്റിൽ വേദന ബാധിക്കാനിടയുണ്ടെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊള്ളുകയുണ്ടായി;

(സി) ഇന്നു തടവിൽ കഴിയുന്ന രാഷ്ട്രീയ തടവുകാരിൽ പലരും വയറ്റിൽ വേദന പിടിപെട്ട് വളരെയധികം ക്ലേശിച്ചുവരികയാണെന്ന കാര്യം പരിഗണിച്ച് പ്രസ്തുത പാത്രങ്ങൾ ഉടനടി മാറ്റി കളിമൺ പിഞ്ഞാണമോ വാഴയിലയോ നൽകാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) മിസാ തടവുകാർക്ക് അലുമിനീയംപാത്രങ്ങളിൽ ഭക്ഷണം കഴിക്കുന്നതുകൊണ്ട് വയറ്റിൽ വേദന ബാധിക്കാനിടയുണ്ടെന്നേ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly